# കെ.എസ്.ആർ.ടി.സി. പെൻഷൻ ദുരിതം : എന്താണ് പോംവഴി?

ഡോ. ബി. എ. പ്രകാശ്

കെ.എസ്.ആർ.ടി.സി. യുടെ ചരിത്രത്തിലെ ഏറ്റവും വലിയ പെൻഷൻ ദുരിതത്തിലാണ് പെൻഷൻകാർ. അഞ്ചുമാസമായി പെൻഷൻ വിതരണം മുടങ്ങിയത് മൂലം പത്തുപേർ ഇതുവരെ ആത്മഹത്യ ചെയ്തതായി റിപ്പോർട്ടുകളുണ്ട്. കെ.എസ്.ആർ.ടി.സി. യിൽ നിന്ന് വിരമിച്ച ജീവനക്കാരും, ആശ്രിതപെൻഷൻ ലഭിക്കുന്നവർ ഉൾപ്പെടെ 38,516 പേർക്ക് ഇപ്പോൾ പ്രതിമാസം പെൻഷൻ നൽകുന്നു. പെൻഷൻ വാങ്ങുന്നവരിൽ ഏതാണ്ട് 75 ശതമാനവും പെൻഷനെ മാത്രം ആശ്രയിച്ച് ജീവിയ്ക്കുന്നവരാണ്. നിത്യജീവിതത്തിനു ആവശ്യമായ ആഹാരമോ, മരുന്നോ വാങ്ങാനോ, താമസിക്കുന്ന വാടക വീടിന് വാടക നൽകാനോ, പെൻഷൻ പ്രതീക്ഷിച്ച് വാങ്ങിയ കടം മടക്കികൊടുക്കാനോ, ബാങ്ക് വായ്പ തിരിച്ചടയ്ക്കാനോ കഴിയാതെ ഇവർ പകച്ച് നിൽക്കുന്നു. ആരോഗ്യം നഷ്ടപ്പെട്ട അവശരും, നിത്യ രോഗികളുമായ തങ്ങളെ സ്ഥാപനത്തിന്റെ ഭരണാധികാരികളും, സർക്കാരും, രാഷ്ട്രീയ നേതാക്കളും യാചകരെ പോലെ കാണുന്നതും ഇവർക്ക് കടുത്ത മാനസിക വേദനയുണ്ടാക്കുന്നു. പെൻഷൻ ലഭിയ്ക്കാൻ വേണ്ടി കോർപ്പറേഷന്റെ ആസ്ഥാനത്ത് തുടർച്ചയായി പട്ടിണി സമരം നടത്തിയിട്ടും, സെക്രട്ടേറിയേറ്റിന്റെ മുന്നിൽ തുടരെ സമരം നടത്തിയിട്ടും, കോടതി വിധികൾ ഉണ്ടായിട്ടും, നിരന്തരം നിവേദനങ്ങൾ നൽകിയിട്ടും ബന്ധപ്പെട്ടവർ ശ്രദ്ധിക്കാത്തതിനാൽ കടുത്ത വേദനയും, നിരാശയും ഇവർക്കുണ്ട്. വിരമിച്ച ജീവനക്കാരുടെ അവകാശമാണ് പെൻഷനെന്നും അത് വൈകിക്കുകയോ നിഷേധിക്കുകയോ ചെയ്യരുതെന്നും ഹൈകോടതിയും അഭിപ്രായപ്പെട്ടിരിയ്ക്കുന്നു.

പെൻഷൻ ബാധ്യത ആർക്കാണെന്ന കാര്യത്തിൽ കെ.എസ്.ആർ.ടി.സി. യും, സംസ്ഥാനസർക്കാരും തമ്മിൽ രൂക്ഷമായ അഭിപ്രായവ്യത്യാസത്തിലാണ്. പെൻഷൻ ബാധ്യത ഏറ്റെടുക്കണമെന്ന് സർക്കാരിനോട് നിർദ്ദേശിക്കണമെന്ന മുൻജീവനക്കാർ ഹൈകോടതിയിൽ നൽകിയ ഹർജ്ജിയെ തുടർന്ന് സർക്കാരും, കെ.എസ്.ആർ.ടി.സി. യും സ്വീകരിച്ച നിലപാടുകൾ താഴെ പറയുന്നു. (1) ട്രാൻസ്പോർട്ട് വകുപ്പിന്റെ ഭാഗമായിരുന്ന സ്ഥാപനത്തെ സ്വയംഭരണ സ്ഥാപനമായ കെ.എസ്.ആർ.ടി.സി. ആക്കിയത് 1965 ഏപ്രിൽ ഒന്ന് മുതലാണ്. ആ തീയതിക്ക് ശേഷം സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയില്ലായിരുന്നു (2) എന്നാൽ 1984 ൽ സംസ്ഥാനസർക്കാർ നിർദ്ദേശം അനുസരിച്ചാണ് പെൻഷൻ നടപ്പിലാക്കിയത്. (3) പെൻഷൻ സുഗമമായി നൽകുന്നതിന് വേണ്ട വരുമാനമുണ്ടാക്കാൻ പദ്ധതിയോ കോർപ്പസ് ഫണ്ടോ രൂപീകരിയ്ക്കാതെയാണ് പെൻഷൻ നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശിച്ചത്. (4)

സ്ഥാപനത്തിന്റെ ധനപ്രതിസന്ധി രൂക്ഷമാകാനുള്ള പ്രധാനകാരണം സർക്കാർ ജീവനക്കാർക്ക് തുല്യമായ നിരക്കിൽ പെൻഷൻ നടപ്പിലാക്കിയതാണ്. ഇതിനായി വിവിധ ധനസ്ഥാപനങ്ങളിൽ നിന്ന് കൂടിയ പലിശ നിരക്കിൽ വായ്പ തുടർച്ചയായി എടുക്കേണ്ടി വന്നു. (5) സ്ഥാപനം വൻനഷ്ടത്തിലാണ്. പ്രതിമാസവരവ് 175 കോടിരൂപയും, ചെലവ് 345 കോടിയും, കമ്മി (നഷ്ടം) 170 കോടിയുമാണ്. പെൻഷൻ വിതരണത്തിന് 60 കോടിരൂപ വേണം. ശമ്പളം, ഡീസൽ, സ്പെയർ പാർട്സ് ഉൾപ്പെടുന്ന പ്രവർത്തനചെലവ് 191 കോടിയും, വിരമിയ്ക്കൽ ആനുകൂല്യം നഷ്ടപരിഹാരം തുടങ്ങിയവയ്ക്ക് 14 കോടിയും, വായ്പ തിരിച്ചടവിനും പലിശയ്ക്കും 80 കോടിയും വേണം. (6) പ്രവർത്തനം സർക്കാർ നിയന്ത്രണത്തിലായതിനാൽ ഡീസൽ, സ്പെയർ പാർട്സ് വില വർധന, മറ്റ് പ്രവർത്തന ചെലവുകൾ കൂടുന്നതനുസരിച്ച് ടിക്കറ്റ് നിരക്ക് കൂട്ടാൻ സ്ഥാപനത്തിന് സ്വാതന്ത്ര്യമില്ല. യാത്രാക്കൂലി നിരക്ക് നിശ്ചയിക്കുന്നത് സർക്കാരാണ്. (7) സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് വരുമാനം കുറഞ്ഞ ഒട്ടനവധി റൂട്ടുകളിലും, ഉൾനാടൻ പ്രദേശങ്ങളിലും, മലയോര പ്രദേശങ്ങളിലും ധാരാളം സർവീസ് നടത്തുന്നു. വിവിധ വിഭാഗം യാത്രക്കാർക്കും, വിദ്യാർഥികൾക്കും സൗജന്യങ്ങളും, ഇളവുകളും നൽകുന്നു. ഇത് വലിയ വരുമാനനഷ്ടം ഉണ്ടാക്കുന്നു. രാഷ്ട്രീയതാല്പര്യങ്ങൾ മൂലമാണ് പ്രധാനമായും ഇത് ഉണ്ടാകുന്നത്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ മുഴുവൻ പെൻഷൻ ബാധ്യതയും ഏറ്റെടുക്കണമെന്ന് കെ.എസ്.ആർ.ടി.സി. ആവശ്യപ്പെടുന്നു. ചുരുക്കത്തിൽ ഇപ്പോഴത്തെ പെൻഷൻ വിതരണ ഉത്തരവാദിത്വത്തിൽ നിന്ന് സർക്കാരിന് ഒഴിയാൻ കഴിയില്ല എന്ന വാദഗതിയ്ക്ക് അടിസ്ഥാനമുണ്ട്.

പെൻഷൻ ബാധ്യത മുഴുവനും ഏറ്റെടുക്കാൻ കഴിയില്ല എന്നതാണ് സർക്കാർ നിലപാട്. കാരണങ്ങൾ താഴെ പറയുന്നു. (1) കെ.എസ്.ആർ.ടി.സി. യുടെ പേരിൽ സർക്കാർ ഏറ്റെടുത്തിരിയ്ക്കുന്ന സാമ്പത്തിക ഭാരം പരമാവധിയാണ്. തന്മൂലം കൂടുതൽ ബാധ്യതകൾ ഏറ്റെടുക്കാൻ കഴിയില്ല. (2) പെൻഷന്റെ കാര്യത്തിൽ സർക്കാരിന് നേരിട്ട് ബാധ്യതയില്ല. എങ്കിലും പെൻഷൻ ബാധ്യതയുടെ പകുതി അതായത് 30 കോടി രൂപ സർക്കാർ പ്രതിമാസം നൽകുന്നു. 2015 ഏപ്രിൽ മുതൽ വിരമിക്കൽ നഷ്ടപരിഹാരം നൽകാൻ സർക്കാർ സഹായം നൽകുന്നുണ്ട്. (3) ശമ്പളവും, പെൻഷനും നൽകാൻ വായ്പ വാങ്ങാൻ സർക്കാർ ഗ്യാരണ്ടി നൽകുന്നുണ്ട്. അതുകൊണ്ടാണ് സ്ഥാപനത്തിന് ശമ്പളവും, പെൻഷനും കൊടുക്കാൻ കഴിയുന്നത്. (4) സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകളുടെ പുന:ക്രമീകരണങ്ങളും, മറ്റും നടത്തിക്കൊണ്ടിരിയ്ക്കുകയാണ്. അത് പൂർത്തിയായാൽ പ്രതിസന്ധി മറികടക്കാനാകുമെന്നാണ് പ്രതീക്ഷ. കെ.എസ്.ആർ.ടി.സി.യുടെ എല്ലാ തലത്തിലുമുള്ള

പ്രവർത്തനങ്ങളിലും ഇടപെട്ട് സാമ്പത്തിക തകർച്ചയിലും, കടക്കെണിയിലും എത്തിച്ചിട്ട് തങ്ങൾ ഇതിന് ഉത്തരവാദികളല്ല എന്ന നിലപാട് സർക്കാർ സ്വീകരിക്കുന്നതിനു ഒരു ന്യായീകരണവുമില്ല.

സുശീൽ ഖന്ന റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിയാൽ കോർപ്പറേഷന്റെ ധനസ്ഥിതി മെച്ചപ്പെടുമെന്നും, പെൻഷൻ മുടങ്ങാതെ കൊടുക്കാൻ കഴിയുമെന്നും സർക്കാർ പറയുന്നു. (1). കെ.എസ്.ആർ.ടി.സി. യുടെ ആസ്തികൾ വിൽപ്പന നടത്തി കടബാധ്യത കുറയ്ക്കുക. (2). വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തുക. (3). ഉയർന്ന പലിശ നിരക്കിലുള്ള ഹ്യസ്വകാല വായ്പകളെ കുറഞ്ഞപലിശനിരക്കിലുള്ള ദീർഘകാല വായ്പയാക്കി മാറ്റുക (4). ഫ്ലീറ്റ് യൂട്ടിലൈസേഷൻ, ഇന്ധന ക്ഷമത എന്നിവ വർദ്ധിപ്പിച്ച് വാഹനഉപയോഗവും വരുമാനവും വർദ്ധിപ്പിക്കുക. (5). വരുമാനം ലഭിക്കാൻ സഹായകരമായ രീതിയിൽ റൂട്ടുകളുടെ പുന:ക്രമീകരണം നടത്തുക. (6). പെൻഷൻ ഫണ്ട് രൂപീകരിക്കുക. (7). യാത്രാ ആനുകൂല്യങ്ങൾക്ക് സർക്കാർ കോമ്പൻസേഷൻ നൽകുക. (8). മാനേജ്മെന്റ് വിദഗ്ദ്ധരെ ഉൾപ്പെടുത്തിയിട്ടുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സ് രൂപീകരിക്കുക. (9). വർക്ക്ഷോപ്പുകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക തുടങ്ങിയവയാണ്. ഈ ശുപാർശകൾക്ക് പുറമേ കോർപ്പറേഷന്റെ എല്ലാ തലത്തിലുമുള്ള പ്രവർത്തനങ്ങളും മെച്ചമാക്കാൻ സർക്കാരും, കെ.എസ്.ആർ.ടി.സി. യും നടപടികൾ സ്വീകരിക്കേണ്ടതാണ്. കെ.എസ്.ആർ.ടി.സി. യുടെ ശമ്പള പെൻഷൻ പരിഷ്കരണങ്ങൾ സംസ്ഥാന സർക്കാർ ജീവനക്കാരുടേതുമായി ബന്ധപ്പെടുത്തുന്ന ഇപ്പോഴത്തെ നിലയിലും മാറ്റം ആവശ്യമാണ്.

മുകളിൽ പറഞ്ഞ നടപടികൾ പൂർണമായും നടപ്പിലാക്കാൻ ഒരുവർഷത്തിലധികം സമയം വേണ്ടിവരും. അതുവരെ പെൻഷൻ കൃത്യമായി കൊടുക്കാൻ കോർപ്പറേഷന് ഇന്നത്തെ സ്ഥിതിയിൽ കഴിയില്ല. അതുകൊണ്ട് റിട്ടയർമെന്റ് ആനുകൂല്യങ്ങളും, പ്രതിമാസ പെൻഷനും കൊടുക്കാൻ ആവശ്യമായ തുക കെ.എസ്.ആർ.ടി.സി. യുടെ ധനസ്ഥിതി മെച്ചമാകുന്നത് വരെ സർക്കാർ ഗ്രാന്റായി നൽകണം. ഇനിയും പെൻഷൻ വിതരണം പുന:സ്ഥാപിച്ചില്ലെങ്കിൽ കൂട്ടആത്മഹത്യ സ്ഥിതി സംജാതമാകും. ഈ അടിയന്തിര സാഹചര്യത്തിൽ നമ്മുടെ മുന്നിൽ മറ്റ് പോംവഴികൾ ഇല്ല.

(ലേഖകൻ സംസ്ഥാന സർക്കാരിന്റെ ട്രാൻസ്പോർട്ട് ഫെയർ റിവിഷൻ കമ്മിറ്റിയിലെ മുൻഅംഗമാണ്)